മിസ്റ്റർ കെ. എ. രാഘവൻ: സർ, ഞാനും ഈ പ്രമേയത്തെ പിന്താങ്ങുന്നു. രാഷ്ട്രനീതിയിലും സമുദായനീതിയിലും വന്നിട്ടുള്ള മഹാപരിവർത്തനങ്ങളെ വീക്ഷിക്കുന്നതിനുള്ള വൈദഗ്ധ്യമുള്ള പണ്ഡിതനായ നമ്മുടെ മഹാരാജാവു തിരുമനസ്സിലെക്കുണ്ടെന്നുള്ളതു് നമുക്കേവർക്കും അഭിമാനാവഹമായ ഒരു സംഗതിയാണല്ലൊ. ജനകീയ സിദ്ധാന്തങ്ങളും രാജകീയാധികാരങ്ങളും തമ്മിൽ ഉരസി വിപ്ലവത്തിന്റെ തീപ്പൊരികൾ പറക്കുന്നതു് നാം ഇന്നു് എവിടേയും കാണുന്നുണ്ടു്. പുരാതനമായ രാജകുടുംബത്തിന്റെ തേജസ്സിനേയും മാനത്തേയും അശേഷം ബലികഴിക്കാതെ ആവശ്യമായ അധികാരത്യാഗംചെയ്തു് പ്രജാവലിയുടെ ഹിതങ്ങളാദരിച്ചു് രാജ്യത്തു ശ്രേയസ്സും സമാധാനവും പുലർത്തുന്ന നമ്മുടെ തിരുമേനി സ്വാതന്ത്ര്യരമ്യമായ നവയുഗത്തിലേക്കു കുതിക്കുന്ന ഭാരത നാട്ടുരാജ്യങ്ങൾക്കു ഒരു മാതൃകരാജാവായി പരിലസിക്കുന്നു. തിരുമനസ്സിലെ സ്ഥാനാരോഹണവേളയിൽ വിളംബരംചെയ്തു് കൊച്ചീക്കു ലഭിച്ചിരിക്കുന്ന രണ്ടു മന്ത്രിമാരും വിശ്വസ്തമായ സേവനങ്ങൾകൊണ്ടും സന്മന്ത്രദാനംകൊണ്ടും പ്രജായത്ത ഭരണത്തിനു ഈ നാട്ടിൽ പ്രശംസനീയമായ ഒരു പാരമ്പര്യം സൃഷ്ടിക്കട്ടെ എന്നും പൂർണ്ണമായ ഉത്തരവാദഭരണത്തിനുള്ള മാർഗ്ഗം തെളിയിക്കട്ടെ എന്നും ഞാൻ ആത്മാർത്ഥമായി ആശംസിച്ചുകൊള്ളുന്നു.

ഈ കഴിഞ്ഞ ലോകമഹായുദ്ധത്തിന്റെ അനന്തരഫലമായി അന്യരാജ്യങ്ങളിലെപ്പോലെ ഇവിടേയും ദാരിദ്ര്യവും തൊഴിലില്ലായ്മയും രോഗവും വർദ്ധിച്ചുവരുന്നുണ്ടു്. രാജ്യത്തിന്റെ ഏകാവലംബമായ ജനശക്തിയുടെ കരുത്തു കാൻ തിന്നുന്ന ഈവക ഭീതന്തശക്തികളോടു മല്ലടിക്കുന്നതിൽ ഈ രാജ്യത്തിനു് പ്രഗത്ഭമായ നേതൃത്വം നൽകിക്കൊണ്ടു് അവ്യാജകരുണാനിധിയായ നമ്മുടെ മഹാരാജാവു തിരുമനസ്സുകൊണ്ടു് ആയുരാരോഗ്യത്തോടുകൂടി വളരെക്കാലം നമ്മുടെ കൊച്ചിരാജ്യം ഭരിക്കട്ടെ എന്നു ആത്മാർത്ഥമായി ഞാൻ പ്രാർത്ഥിച്ചുകൊള്ളുന്നു.

മിസ്റ്റർ ടി. എൻ. ഇട്ടിരവി നമ്പൂതിരി: സർ, ഞാനും ഈ അഭിനന്ദനപ്രമേയത്തെ പിന്താങ്ങുന്നു. നമ്മുടെ മഹാരാജാവു തിരുമനസ്സുകൊണ്ടു് ഇന്നത്തെ ലോകപരിതസ്ഥിതികൾക്കനുസരിച്ചു നമുക്കുവേണ്ടുന്ന പല അഭിവൃദ്ധികളും ആനുകൂല്യങ്ങളും നൽകി നമ്മെ വളരെക്കാലം ഭരിക്കട്ടെ എന്നു ഞാൻ പ്രാർത്ഥിച്ചുകൊള്ളുന്നു.

Mr. President: Before I put the motion to the House I wish to say that I associate myself very completely with the congratulations and good wishes that have been extended from all quarters of the House to His Highness. I now put the Hon'ble Minister's motion.—

"This Council respectfully tenders its humble congratulations to His Highness the Maharaja Sree Kerala Varma on his assuming the Rulership of this ancient State and desires to express its prayful hope that His Highness will live long and that under his pious and benevolent rule the prosperity of the State and the Happiness of its people will progress continuously".

Motion passed unanimously, all members standing

Mr. Parambi Lonappen *(Minister for Rural Development):* I request the Hon'ble President may be pleased to communicate to His Highness the Maharaja this resolution and also order the publication of the proceedings relating to this motion in the Cochin Government Gazette.

Mr. President: That will be done.

Announcement of Bills assented to by His Highness

Secretary to the Council: I have to announce the following Bills.—

1. The Cochin Village Courts Act (Amendment) Bill.
2. The Co-operative Societies Act (Amendment) Bill.
3. The Cochin Press and Registration Act (Amendment) Bill.

Placing the Statement of Expenditure certified by the Diwan

Rao Sahib P. V. Raphael *(Comptroller of Finance and Accounts):* Sir, Under section 57 of the Cochin Legislative Council Rules I have to place the statement of expenditure certified by the Diwan under section 28 (1) (*b*) of the Government of Cochin Act.

LIBRARY ARCHIVES Kerala Legislative Assembly